LIBRARY ARCHIVES Kerala Legislative Assembly

## മയക്കുമരുന്ന് ഉപയോഗവും വിപണനവും

195 (1900) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗം; വിപണനം എന്നിവ സംബന്ധിച്ച കേസുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) മയക്കുമരുന്ന് ഉപയോഗവും വിപണനവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) മയക്കു മരുന്നുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഇന്റർനെറ്റ് സാങ്കേതികവിദ്യ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മയക്കുമരുന്ന് ഉപയോഗം, വിപണനം എന്നിവ നടത്തുന്നവർക്കെതിരെ നിലവിലുള്ള നിയമമനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സ്കൂളുകളിലും കോളേജുകളിലും മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി വഴി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ മയക്കുമരുന്ന് ഉപയോഗവും വിപണനവും നടത്തുന്നവരെ കുറിച്ച് രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനും കുറ്റവാളികളെ കണ്ടുപിടിച്ച് നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുംവേണ്ടി സ്പെഷൽ സ്ക്വാഡിൽ സജീവമായി പ്രവർത്തിക്കുന്ന എസ്.പി.സി., എസ്.പി.ജി. എന്നിവയിലെ അംഗങ്ങളെ ബോധവത്ക്കരിച്ചിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളും മറ്റും നിരീക്ഷിച്ചും റെയ്ഡുകൾ നടത്തിയും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## റിപ്പോർട്ട് ചെയ്യപ്പെട്ട വാഹനാപകടങ്ങൾ

196 (1901) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട വാഹനാപകടങ്ങൾ എത്ര ; അതിൽ മരണപ്പെട്ടവർ എത്ര ;

(ബി) ക്യാബിനറ്റ് പദവിയുള്ളവരുടെ വാഹനങ്ങൾ ഇടിച്ചുണ്ടായ അപകടങ്ങൾ എത്ര ; ഇടർന്നുണ്ടായ മരണങ്ങൾ എത്ര ;

(സി) ട്രാഫിക് നിയമലംഘനം സംബന്ധിച്ചുണ്ടായ കേസ്സുകൾ എത്ര ;

(ഡി) ഇതുമായി ബന്ധപ്പെട്ട് പിഴ ആയി ഈടാക്കിയ തുക എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട 1,44,975 വാഹനാപകടങ്ങളിൽ 16,780 പേർ മരണപ്പെട്ടു.

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ക്യാബിനറ്റ് പദവിയുള്ളവരുടെ വാഹനങ്ങൾ ഇടിച്ച് 10 അപകടങ്ങളിലായി 4 പേർ മരണപ്പെട്ടു.

(സി&ഡി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന പോലീസ്, ട്രാഫിക് നിയമ ലംഘനം സംബന്ധിച്ച് 8,38,221 കേസ്സുകളും 1,58,81,103 പെറ്റി കേസ്സുകളും എടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 2,27,73,32,661 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ

197 (1902) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളിൽ എത്ര സ്ത്രീകളും കുട്ടികളും കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്നും മറ്റു കേസ്സുകളുടെ നടപടിവിവരം എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളിൽ 514 സ്ത്രീകളും (95 പെൺകുട്ടികൾ ഉൾപ്പെടെ), 184 കുട്ടികളും (ആൺകുട്ടികൾ - 89, പെൺകുട്ടികൾ-95) കൊല്ലപ്പെട്ടിട്ടുണ്ട്. ഇതിൽ 531 കേസുകളിൽ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രതികളെ കണ്ടെത്താൻ കഴിയാത്ത കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly